ജില്ലാ അർബൻ ബാങ്കുകളിലെ ശമ്പള പരിഷ്കരണം

137 [568] *ശ്രീ. എം. എം. ഹസ്സൻ:*
" *ടി. യു. രാധാകൃഷ്ണൻ:*
" *വർക്കല കഹാർ:*
" *വി. ഡി. സതീശൻ:*
" *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളുടെയും, അർബൻ ബാങ്കുകളുടെയും ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി ഒരു സമിതിയെ നിയോഗിച്ചിരുന്നുവോ;

(ബി) എങ്കിൽ അതിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) ഈ ശുപാർശകളിൽ ഗവൺമെന്റ് എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായോ എന്നും എങ്കിൽ അത് എന്തുകൊണ്ടാണെന്നും വിശദീകരിക്കുമോ;

(ഇ) അവരുടെ ശമ്പള പരിഷ്കരണം നടത്തിയോ എന്നറിയിക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെയും അർബൻ സഹകരണ ബാങ്ക് ജീവനക്കാരുടെയും ശമ്പള പരിഷ്കരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) കിട്ടിയിട്ടുണ്ട്.

(സി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളിൽ സർക്കാർതലത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുവാൻ ജില്ലാ സഹകരണ ബാങ്കുകളുടെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല. ആയതിനാലാണ് ശുപാർശകളിൽ മാറ്റം വരുത്തിയത്. ഇതു സംബന്ധിച്ച് ജില്ലാ സഹകരണ ബാങ്കുകളുടെ മാനേജ്മെന്റിന്റെ അഭിപ്രായവും ആരാഞ്ഞിരുന്നു.

അർബൻ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

---

† അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം 21-6-2005-ലെ ജി. ഒ. (ആർ‌ടി.)നം. 145/2005/സഹ. എന്ന ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

അർബൻ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാന സഹകരണ ബാങ്കുകളിലെ വായ്പാ പലിശ കുറയ്ക്കാൻ നടപടി

138 [569] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
,, *തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കുകളിലെ വായ്പാ പലിശ കുയ്ക്കുവാനും അതുവഴി സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം സർക്കാർ പരിഹരിച്ചുകൊണ്ട് ബാങ്കുകളെ നിലനിർത്താനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) ആഗോളവൽക്കരണത്തെ തുടർന്ന് ബാങ്കിംഗ് മേഖലയിൽ ഉണ്ടായിട്ടുള്ള മാത്സര്യം സഹകരണ മേഖലയുടെ തകർച്ചയ്ക്ക് വഴിവെയ്ക്കുന്നത് തടയുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക വായ്പയുടെ പലിശ, പുനർവായ്പയുള്ളവയ്ക്ക് മൂന്നു ശതമാനവും പുനർവായ്പ ഇല്ലാത്തവയ്ക്ക് ഒന്നര ശതമാനവും കണ്ട് കുറച്ചിട്ടുണ്ട്. കാർഷികേതര വായ്പയുടെ പലിശ 4 ശതമാനം കുറച്ചിട്ടുണ്ട്. കാർഷിക വായ്പയുടെ 29-12-2001 മുതൽ ആറുമാസത്തേയും 23-1-2004 മുതൽ ഒരു വർഷത്തേയും പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 5 ശതമാനം കാർഷികോൽപ്പാദന സബ്സിഡി നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) സഹകരണ ബാങ്കിംഗ് മേഖലയിൽ കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണം നടത്തുകവഴി മെച്ചപ്പെട്ട സേവനം ഇടപാടുകാർക്ക് ലഭ്യമാകുന്നതിനും വായ്പാ ഓഹരി അനുപാതം വായ്പാ വ്യവസ്ഥകൾ എന്നിവ കൂടുതൽ ഉദാരമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം —XVII

[8-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 137 (568)-ന്റെ ഉത്തരം ദയവായി കാണുക]

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്ന ആവശ്യങ്ങളെസംബന്ധിച്ച് പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ

നമ്പർ	*ശുപാർശകൾ*
1	1-7-2002-ലെയോ ഓപ്ഷൻ തീയതികളിലെയോ അടിസ്ഥാനശമ്പളത്തോടുകൂടി 50% കൂട്ടിയ തുക അതോടൊപ്പം പ്രസ്തുത തുകയുടെ 8% വർദ്ധനവ് കണക്കാക്കി ആയതുകൂടി കൂട്ടിക്കിട്ടുന്ന തുക പുതിയ സ്കെയിലിലെ സ്റ്റേജാണെങ്കിൽ ആ സ്റ്റേജിനും അല്ലെങ്കിൽ അടുത്ത സ്റ്റേജിനും ശമ്പളം നിർണ്ണയിക്കണം.
2	ജീവനക്കാരന്റെ സർവ്വീസ് ദൈർഘ്യം പരിഗണിച്ച് മൂന്നുവർഷത്തിന് ഒരു ഇൻക്രിമെന്റ് എന്ന നിരക്കിൽ പരമാവധി 3 ഇൻക്രിമെന്റ് സർവ്വീസ് വെയിറ്റേജ് നൽകണം.
3	ജീവനക്കാരൻ താൻ ജോലിചെയ്യുന്ന തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള പുതിയ ശമ്പളസ്കെയിലിലെ പരമാവധി തുകയിലെത്തുകയാണെങ്കിൽ ടി ജീവനക്കാരന് അയാൾ അവസാനം വാങ്ങിയ വാർഷിക ഇൻക്രിമെന്റ് നിരക്കിൽ പരമാവധി 3 ഇൻക്രിമെന്റ് അനുവദിക്കണം.
4	സബ് സ്റ്റാഫ് കാറ്റഗറിയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് 4 ഹയർ ഗ്രേഡും മറ്റു തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് 3 ഹയർ ഗ്രേഡും അനുവദിക്കണം.
5	പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ശമ്പളസ്കെയിൽ അനുവദിക്കുകയും പൂൾ തസ്തികകളുടെ 50% ടി ജീവനക്കാർക്ക് പ്രൊമോഷൻ അനുവദിക്കുകയും വേണം.
6	ക്ഷാമബത്ത സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ നൽകുന്നതിനും, വീട്ടുവാടകബത്ത അടിസ്ഥാനശമ്പളത്തിന്റെ 10% നിരക്കിൽ പരമാവധി 1300 രൂപവരെ നൽകുന്നതിനും, മെഡിക്കൽ അലവൻസ് 1350 രൂപയായി വർദ്ധിപ്പിക്കുന്നതിനും, ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനും, മൂന്നുവർഷത്തിലൊരിക്കൽ 300 രൂപ കണ്ടിജന്റ് അലവൻസ് അനുവദിക്കുന്നതിനും, ഹൗസ് ലോൺ 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും, മരണമടയുന്ന ജീവനക്കാരുടെ വായ്പ തുക എഴുതി തള്ളുന്നതിന് ഒരു റിസ്ക് ഫണ്ട് രൂപീകരിക്കുന്നതിനും മറ്റ് അലവൻസുകൾ സർക്കാർ ജീവനക്കാരന് അർഹമായ നിരക്കിൽ വർദ്ധിപ്പിച്ച് അനുവദിക്കുന്നതിനും ശുപാർശചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അർബൻ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്ന ആവശ്യങ്ങളെസംബന്ധിച്ച് പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ പ്രധാന ശുപാർശകൾ

നമ്പർ	ശുപാർശകൾ
1	1-4-2003-ലെയോ ഓപ്ഷൻ തീയതികളിലെയോ അടിസ്ഥാനശമ്പളത്തോടുകൂടി 50% ക്ഷാമബത്ത കൂട്ടിയ തുക അതാതൊപ്പം പ്രസ്തുത തുകയുടെ 7% വർദ്ധനവ് കണക്കാക്കി ആയതുംകൂടി കൂട്ടിക്കിട്ടുന്ന തുക പുതിയ സ്കെയിലിലെ സ്റ്റേജാണെങ്കിൽ ആ സ്റ്റേജിനും അല്ലെങ്കിൽ അടുത്ത സ്റ്റേജിനും ശമ്പളം നിർണ്ണയിക്കണം.
2	ജീവനക്കാരന്റെ സർവ്വീസ് ദൈർഘ്യം പരിഗണിച്ച് മൂന്നുവർഷത്തിന് ഒരു ഇൻക്രിമെന്റ് എന്ന നിരക്കിൽ പരമാവധി 3 ഇൻക്രിമെന്റ് സർവ്വീസ് വെയിറ്റേജ് നൽകണം.
3	ജീവനക്കാരൻ താൻ ജോലിചെയ്യുന്ന തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള പുതിയ ശമ്പളസ്കെയിലിലെ പരമാവധി തുകയിലെത്തുകയാണെങ്കിൽ ടി ജീവനക്കാരന് അയാൾ അവസാനം വാങ്ങിയ വാർഷിക ഇൻക്രിമെന്റ് നിരക്കിൽ പരമാവധി 3 ഇൻക്രിമെന്റ് അനുവദിക്കണം.
4	സബ് സ്റ്റാഫ് കാറ്റഗറിയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് 4 ഹയർ ഗ്രേഡും മറ്റു തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് 3 ഹയർ ഗ്രേഡും അനുവദിക്കണം.
5	പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ശമ്പളസ്കെയിൽ അനുവദിക്കണം.
6	ക്ഷാമബത്ത സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ നൽകുന്നതിനും, വീട്ടുവാടകബത്ത അടിസ്ഥാനശമ്പളത്തിന്റെ 10% നിരക്കിൽ പരമാവധി 1750 രൂപവരെ നൽകുന്നതിനും, മെഡിക്കൽ അലവൻസ് 1350 രൂപയായി വർദ്ധിപ്പിക്കുന്നതിനും, ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനും, മൂന്നുവർഷത്തിലൊരിക്കൽ 300 രൂപ കണ്ടിജന്റ് അലവൻസ് അനുവദിക്കുന്നതിനും, വാഷിംഗ് അലവൻസ്, റിസ്ക് അലവൻസ്, സ്പ്ലിറ്റ് ഡ്യൂട്ടി അലവൻസ്, കമ്പ്യൂട്ടർ അലവൻസ്, ഓവർടൈം അലവൻസ് എന്നിവ അനുവദിക്കുന്നതിനും മറ്റ് അലവൻസുകൾ സർക്കാർ ജീവനക്കാരന് അർഹമായ നിരക്കിൽ വർദ്ധിപ്പിച്ച് അനുവദിക്കുന്നതിനും ശുപാർശ ചെയ്തിരുന്നു.

രണ്ട് റിപ്പോർട്ടുകളിലും ജീവനക്കാർക്ക് ഓപ്ഷൻ നൽകുന്നത് സർക്കാർ ജീവനക്കാരുടേതുപോലെ ആകണമെന്ന് ശുപാർശ ചെയ്തിരുന്നു. കൂടാതെ, ജില്ലാ സഹകരണബാങ്ക് ജീവനക്കാർക്ക് 1-7-2002 മുതലും അർബൻ സഹകരണ ബാങ്ക് ജീവനക്കാർക്ക് 1-4-2003 മുതലും സാധുത നൽകണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly